**വനിതാ ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ: അനുപമ റ്റി വി IAS)

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - അന്താരാഷ്ട്ര വനിതാ ദിനം 2022 - ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നത് -തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :- സ ഉ ( സാധാ) നം.55/2021/WCDD, തിയതി, 07/10/2021

**ഉത്തരവ് നമ്പർ. WEC1/2226/2022 തിയതി: 25.02.2022**

വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും അന്താരാഷ്ട്ര വനിത ദിനാചരണ പരിപാടി ആഘോഷിച്ചു വരുന്നു. 2022 വർഷവും പ്രസ്തുത പരിപാടി വിപുലമായി ആചരിക്കേണ്ടതുണ്ട്. വകുപ്പുമായി ബന്ധപ്പെട്ട ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനു ഭരണാനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ 2022 മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനാചരണ പരിപാടി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തല പരിപാടി നടക്കുന്ന തിരുവനന്തപുരം ജില്ല ഒഴികെയുള്ള 13 ജില്ലകൾക്കും 35000/- രൂപയും സംസ്ഥാന തല പരിപാടി യുടെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കുന്നതിനു തിരുവനന്തപുരം ജില്ലയ്ക്ക് 1 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5,55,000/-രൂപ അനുബന്ധം പട്ടിക പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു. ജില്ല വനിത ശിശു വികസന ഓഫീസർമാർ ചുവടെ ചേർത്തിട്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതാണ്.

1. സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് ചിത്ര രചന, ഫ്ലഷ് മോബ്, ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കൽ
2. പ്രതിസന്ധികൾ അതിജീവിച്ച വനിതകൾ, Non Sterio type തൊഴിൽ മാർഗത്തിലൂടെ ഉപജീവനം നടത്തുന്ന വനിതകൾ, ശാരീരിക മാനസിക വൈകല്യം അതിജീവിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തി ചേർന്നിട്ടുള്ള വനിതകൾ, സ്ത്രീ സൗഹൃത സംരംഭകർ എന്നിവരെ ആദരിക്കൽ .
3. തൊഴിലിടങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വനിതകൾക്കായി ജോബ് ഫെയർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രെജിസ്ട്രേഷൻ, കരിയർ ഗൈഡൻസ് എന്നിവ നടത്തുക.
4. രാത്രി കാലങ്ങളിൽ പൊതു ഇടങ്ങൾ സ്ത്രീ സുരക്ഷിത മാക്കുന്നതിന്റെ ഭാഗമായി നൈറ്റ് വാക്ക്, നൈറ്റ് ഷോപ്പിംഗ് എന്നിവ സംഘടിപ്പിക്കൽ."
5. "നല്ലൊരു നാളെയ്ക്കായി സുസ്ഥിര ലിംഗ സമത്വം ഇന്നേ" എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര വനിത ദിനം UN ആപ്തവാക്യം. ആയതിനനുസൃതമായി സെമിനാറുകൾ, വെബിനാറുകൾ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക.
6. Cyber crime, Financial independence, Substance abuse, unplanned pregnancy,Gender perspective on health and nutrition, Gender perspective at work എന്നീ വിഷയങ്ങളിൽ ചർച്ച സംഘടിപ്പിക്കുക.
7. കൂടാതെ ജില്ല തലത്തിൽ ഉചിതമെന്ന് തോന്നുന്ന മറ്റു പരിപാടികളും ഉൾപ്പെടുത്താവുന്നതാണ്.

ഇതിലേക്കാവശ്യമായ 5,55,000/- (അഞ്ചു ലക്ഷത്തി അൻപത്തിഅയ്യായിരം രൂപാ മാത്രം) നടപ്പ്

സാമ്പത്തിക വർഷത്തെ " 2235-02-103-59 (p) " ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

വനിതാ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ 2022 മാർച്ച് 31 ന് മുൻപായി ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്

3. സൂപ്രണ്ട് എ സെക്ഷൻ ( അലോട്ട്മെന്റ് നൽകുന്നതിനായി)
4. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

## അനുബന്ധം

| ക്രമ നം | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | തിരുവനന്തപുരം | 100000 |
| 2 | കൊല്ലം | 35000 |
| 3 | പത്തനംതിട്ട | 35000 |
| 4 | ആലപ്പുഴ | 35000 |
| 5 | കോട്ടയം | 35000 |
| 6 | ഇടുക്കി | 35000 |
| 7 | എറണാകുളം | 35000 |
| 8 | തൃശ്ശൂർ | 35000 |
| 9 | പാലക്കാട് | 35000 |
| 10 | മലപ്പുറം | 35000 |
| 11 | കോഴിക്കോട് | 35000 |
| 12 | വയനാട് | 35000 |
| 13 | കണ്ണൂർ | 35000 |
| 14 | കാസർഗോഡ് | 35000 |
| | ആകെ | 5,55,000 |

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി